# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2268 18/07/2016-ൽ മറുപടിയ്ക്ക്**

മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.വി.ഡി.സതീശൻ : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ ശുചിയായ അന്തരീക്ഷത്തിൽ സോളാർഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. ഇതോടൊപ്പം കേന്ദ്ര സർക്കാർ ധനസഹായത്തോടെ 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഫിഷ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുന്ന നാലുപേരടങ്ങുന്ന ആക്ടിവിറ്റി ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയും ഇവർ ഉൽപാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങൾ മേളകൾ, അപ്പെക്സ് ഫെഡറേഷൻ എന്നിവ വഴി വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ' എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. വൈവിധ്യമേറിയതും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ഏറ്റവും മുന്തിയ സംവിധാനവും സാങ്കേതിക സഹായവും ഉപയോഗിച്ച് നിർമ്മിച്ച് വിപണിയിലെത്തിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുള്ള സ്വയം സഹായ സംഘങ്ങൾ വഴി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതു വഴി മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടാകുന്നു.<br><br>എറണാകുളം ജില്ലയിൽ എടവനക്കാട് ആരംഭിച്ചിട്ടുള്ള തീരമൈത്രി ഫിഷ്പ്രോസസ്സിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പ്സ് ഫെഡറേഷൻ വഴി മൂല്യവർദ്ധിത ഉൽപന്നങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ഇതിലൂടെ ലഭിക്കുന്ന ലാഭം ഗ്രൂപ്പുകൾക്ക് വീതിച്ച് നൽകുകയും ചെയ്യുന്നു. |
| സി) | ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ? | സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ആയതനുസരിച്ച് ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റുകൾ മൂല്യവർദ്ധിത ഉൽപ്നങ്ങളുടെ വ്യാപനത്തിനായി സ്ഥാപിച്ചു വരുന്നു. ഇതുകൂടാതെ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പ്രോസസ്സിംഗ് സെന്ററുകൾ, അലങ്കാര മത്സ്യങ്ങൾ, ഉണക്ക മത്സ്യഉൽപ്പന്നങ്ങൾ, മത്സ്യ ഉൽപ്പന്ന വിപണന ശാലകൾ, ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന ഫിഷ് മാളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>കൂടാതെ സാഫ് മുഖേന മത്സ്യവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് തീരമൈത്രി ഫിഷ്പ്രോസസ്സിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പ്സ് ഫെഡറേഷൻ എന്ന പേരിൽ ഒരു ഫെഡറേഷൻ രൂപീകരിക്കുകയും അതുവഴി തീരദേശ ജില്ലകളിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളിൽ നിന്നും |

| | | |
|---|---|---|
| | | മത്സ്യഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപന്നങ്ങളും ശേഖരിച്ച് പായ്ക്കറ്റ് ചെയ്ത് "തീരമൈത്രി" എന്ന പേരിൽ സൂപ്പർമാർക്കറ്റുകൾ വഴിയും കടകൾ വഴിയും വിപണനം നടത്തി വരുന്നു. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുള്ളതും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് എറണാകുളം ജില്ല നോഡൽ ഓഫീസർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**